# കാരുണ്യസന്ദേശവുമായി സ്നേഹയാനം

**പി.ടി. ജേക്കബ്ബ്**



"സ്നേഹമാകുന്ന ദൈവ സന്ദേശം താങ്കളുടെ ഹൃദയത്തിൽ ജ്വലിക്കട്ടെ. അത് യാത്രികരുടെയും സ്നേഹിതരുടെയും ഹൃദയങ്ങളെ സമ്പന്നമാക്കുമാറാകട്ടെ". മദർ തെരേസ പാലക്കാട്ട് രാജീവ് നഗറിലെ രാധാകൃഷ്ണനയച്ച കുറിപ്പിലെ വാചകങ്ങൾ. അശരണർക്കും, കഷ്ടപ്പെടുന്നവർക്കും എന്നും തുണയായെത്തുന്ന രാധാകൃഷ്ണനും 'സ്നേഹയാന'മെന്ന ഫ്രീ സർവ്വീസ് ഓട്ടോയ്ക്കും ലഭിച്ച അപൂർവ്വ പ്രതിഫലങ്ങളിലൊന്നായിരിക്കുന്ന ഈ അക്ഷരങ്ങൾ.

പൂർണ്ണഗർഭിണിയായ ഭാര്യ പ്രസവവേദനയോടെ ആശുപത്രിയിലേക്ക് നടന്നു കഴയുന്നതിനിടയിൽ സംഭവിച്ച, വഴിയോര പ്രസവത്തിൽ നഷ്ടപ്പെട്ട ആദ്യകൺമണിയുടെ ദുഃഖസ്മരണയാണ് രാധാകൃഷ്ണനെ 'സ്നേഹയാന'ത്തിലെത്തിച്ചത്. ഇനിയാർക്കും കൺവെട്ടത്ത് തന്റെ ഗതികേട് വരുതേന്ന പ്രാർത്ഥനയും രാധാകൃഷ്ണനുണ്ട്. അന്യരുടെ ഓട്ടോ കഴുകി തുടങ്ങിയ ഓട്ടോ മോഹം വളർന്ന് ബ്ലേഡ് കമ്പനിയിൽ നിന്ന് കടം വാങ്ങിയ പണം കൊണ്ട് ഒരു ഓട്ടോ കരസ്ഥമാക്കിയെങ്കിലും സൗജന്യസേവനത്തിന്റെ ഇടവേളകളിലെ വരുമാനം കൊണ്ട് തവണകൾ അടച്ചുതീർക്കാനായില്ല. ബ്ലേഡ് ഗുണ്ടകൾ ഓട്ടോ പിടിച്ചെടുത്ത വാർത്ത അറിഞ്ഞ അപരിചിതനായ തൃശ്ശൂർക്കാരൻ പി.വി. കുഞ്ഞിപ്പാലു രാധാകൃഷ്ണനെ മറ്റൊരു ഓട്ടോയുടെ ഉടമസ്ഥനാക്കി. പാലക്കാട് എൻ.എസ്.എസ് എഞ്ചിനീയറിംഗ് കോളേജിന് സമീപത്ത് രാജീവ് നഗറിൽ താമസിക്കുന്ന രാധാകൃഷ്ണന്റെ 'ഫ്രീ സർവ്വീസ് ഓട്ടോ' ഇന്നും പാലക്കാട് ജില്ലാ ആശുപത്രിയുടെ മുന്നിൽ പകലും രാത്രിയുമായി സേവനസന്നദ്ധനായി കിടപ്പാണ്.

20 വർഷം മുമ്പ് 'സ്നേഹയാനം' എന്ന പേരിൽ ആരംഭിച്ച സൗജന്യസേവനം ഇപ്പോൾ 'ഫ്രീ സർവ്വീസ് ഓട്ടോ' ആയി തുടരുന്നു. രോഗികളില്ലാത്ത ഇടവേളകളിലെ വരുമാനവും ഇടയ്ക്ക് ലഭിക്കുന്ന സംഭാവനയും കൊണ്ടാണ് പെട്രോളും വീട്ടുചെലവും കണ്ടെത്തുന്നതെന്ന് രാധാകൃഷ്ണൻ തെല്ലും വിഷമമില്ലാതെ തന്നെ പറയുന്നു.

സ്നേഹയാനത്തിന്റെ ഓട്ടത്തിനിടയിലെ ഒരു രംഗം രാധാകൃഷ്ണൻ ഇന്നും ഓർക്കുന്നു. മകൾക്ക് മരുന്ന് വാങ്ങാൻ ആശുപത്രിക്ക് മുന്നിൽ കമ്മലൂരി പണയം വെക്കാൻ അലയുന്ന ഒരു അമ്മയുടെ ദൃശ്യം. ഇതുകണ്ട രാധാകൃഷ്ണന്റെ നാടൻ മനസ്സിൽ കാരുണ്യത്തിന്റെ കണക്ക് കൂട്ടലുകൾ നടന്നു. ഓട്ടോയിൽ ഒരു സംഭാവനപ്പെട്ടി, താക്കോൽ ഒരു മെഡിക്കൽ ഷാപ്പുകാരൻ സൂക്ഷിക്കട്ടെ. മെഡിക്കൽ ഷാപ്പുകാരൻ സാധുക്കൾക്ക് അത്യാവശ്യമരുന്നുകൾ കടമായി നൽകണം. മാസത്തിൽ ഒരിക്കൽ ഷോപ്പുടമയ്ക്ക് പെട്ടി തുറന്ന് കടം മടക്കി എടുക്കാം.

പദ്ധതി പ്രായോഗികമായിരുന്നില്ല. "രാധാകൃഷ്ണാ, മരുന്നിന്റെ വില കൂടുതലും പെട്ടിയിലെ പൈസ കുറവും ആയാൽ എന്ത് ചെയ്യും?" മറുപടി ഇല്ലാതെ കുഴങ്ങി. അവസാനം പരശ്ശുറാം മെഡിക്കൽസ് സേവന സന്നദ്ധമായി. കടമായി മരുന്ന് നൽകും, പെട്ടിയിലെ കുറവ് സഹിക്കും, കൂടുതൽ ഉണ്ടെങ്കിൽ പെട്ടിയിലിടും. അങ്ങിനെ അജ്ഞാതരായവരുടെയും അല്ലാത്തവരുടെയും സംഭാവനകളിൽ നിറയുകയാണ് രാധാകൃഷ്ണന്റെ സംഭാവനപ്പെട്ടി.

അനാഥർ അലയുന്ന പാലക്കാടൻ തെരുവുകളിലെ വൃദ്ധരും രോഗികളും മന്ദബുദ്ധികളും അടങ്ങുന്ന നിരാലംബരെ വൃത്തിയാക്കി ഓട്ടോയിൽ ഏതെങ്കിലും അനാഥാലയത്തിൽ എത്തിക്കുന്നു. ദിനചര്യകൾ രാധാകൃഷ്ണൻ ഇന്നും മുടങ്ങാതെ നിർവ്വഹിക്കുകയാണ്.

ഒരിക്കൽ കടത്തിണ്ണയിൽ കണ്ടെത്തിയ എല്ലും തോലുമായ ദീർഘകായൻ പാലക്കാട് രാജകുടുംബാംഗവും മുൻ സൈനികോദ്യോഗസ്ഥനുമായിരുന്ന കൃഷ്ണൻകുട്ടിമേനോൻ ആയിരുന്നു. 'രാജാവിനെ' കുളിപ്പിച്ച് ഉടുപ്പിച്ച്, പീച്ചി ദിവ്യഹൃദയാശ്രമത്തിൽ എത്തിച്ച വാർത്തയോടെ രാധാകൃഷ്ണൻ കൂടുതൽ സ്വീകാര്യനായി.

അടുത്ത കാലത്ത് റെയിൽ പാളത്തിൽ നിന്ന് ലഭിച്ച മന്ദബുദ്ധിയായ പത്തുവയസ്സുകാരിയെ ആരോ ഭിക്ഷാടന ഉപാധിയാക്കാൻ കൈ പൊള്ളിച്ച് വികലാംഗയാക്കിയ നിലയിലാണ് കണ്ടെത്തിയത്. സ്വന്തം പേര് അവ്യക്തമായി 'സുപ്രിയ' എന്നും വന്ന വഴി 'ച്ചക്ക്.....ച്ചക്ക് വണ്ടി എന്നും മാത്രം അറിയാവുന്ന കുട്ടിയെ കോടതി നടപടി പ്രകാരം കോഴിക്കോട് മന്ദബുദ്ധികൾക്കുള്ള അനാഥാലയത്തിൽ എത്തിച്ചിരുന്നു.

ചലിക്കുന്ന അനാഥാലയമായ രാധാകൃഷ്ണന്റെ മേൽനോട്ടത്തിൽ ഒരു സ്ഥിരം അനാഥാലയം നിർമ്മിക്കുന്നതിന് കതിരാമ്പല ടെമ്പിൾ ട്രസ്റ്റ് രണ്ട് ലക്ഷം രൂപ വാഗ്ദാനം ചെയ്തിട്ടുണ്ട്. രാഷ്ട്രീയത്തിന്റെയും മതത്തിന്റെയും വേലിക്കെട്ടുകളില്ലാത്ത രാധാകൃഷ്ണന് ഉന്നത ഉദ്യോഗസ്ഥരുടെയും സന്നദ്ധ സംഘങ്ങളുടെയും ഇടയിൽ നല്ല സൗഹൃദവലയമുണ്ട്. എങ്കിലും ജനസേവനം തങ്ങളുടെ കുത്തകയും ഉപജീവനവുമെന്ന് കരുതുന്ന ചില രാഷ്ട്രീയക്കാർ രാധാകൃഷ്ണനെ കയ്യേറ്റം ചെയ്തിട്ടുണ്ട്. ഇപ്പോൾ ഓട്ടോയിൽ ഒരു ബോർഡ് കൂടി കാണാം. "രാഷ്ട്രീയക്കാരേ, എന്നെ വെറുതെ വിടുക".

കഴിഞ്ഞ മാർച്ചിലുണ്ടായ ഒരു ഓട്ടോ അപകടം രാധാകൃഷ്ണന്റെ നട്ടെല്ലിലെ മൂന്നാം കശേരുവിന് ക്ഷതമുണ്ടാക്കിയതു മൂലം മുമ്പേ പോലെ ഓട്ടോയുമായി യഥേഷ്ടം ചുറ്റാൻ കഴിയുന്നില്ല